**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4487** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ബോർഡിന്റെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മറ്റ് വികസനങ്ങൾക്കുമായി ഗുരുവായൂർ ദേവസ്വം ബോർഡ് എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മറ്റ് വികസനങ്ങൾക്കുമായി ആവിഷ്കരിച്ചിട്ടുള്ള വികസന പദ്ധതികളുടെ വിശദ വിവരങ്ങൾ ഗുരുവായൂർ ദേവസ്വം ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏത് തരത്തിലുള്ള ധന സഹായങ്ങളാണ് ഗുരുവായൂർ ദേവസ്വം ബോർഡ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന് പ്രത്യേകം അപേക്ഷ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഗുരുവായൂർ ദേവസ്വത്തിൽ നിന്നും കേരളത്തിലെ ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും വേദപാഠശാലകളുടെ പരിപാലനത്തിനും വേണ്ടി അപേക്ഷ സ്വീകരിച്ച് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ഓരോ ക്ഷേത്രങ്ങൾക്കും അനുവദിക്കുന്ന ഏറ്റവും കുറഞ്ഞ ധനസഹായം 40,000/- രൂപയായും കൂടിയ ധനസഹായം 1,00,000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| | | |
|---|---|---|
| 1 | ശ്രീ ഗുരുവായൂരപ്പൻ ഓഡിറ്റോറിയം നവീകരണം | 66 ലക്ഷം രൂപ |
| 2 | മേൽപ്പത്തൂർ ഓഡിറ്റോറിയം നവീകരണം | 12 ലക്ഷം രൂപ |
| 3 | കിഴക്കേനടപ്പുര ഫ്ളോറിംഗ് പ്രവൃത്തിയും അലങ്കാര ഗോപുരവും | Sponsored work |
| 4 | കിഴക്കെ നടയിൽ ക്യൂ സംവിധാനം വിപുലീകരിക്കലും അയ്യപ്പ ഭക്തൻമാർക്കുള്ള പ്രത്യേക ദർശന സൗകര്യങ്ങളും | Sponsored work |
| 5 | വടക്കെ നടയിലും തെക്കെ നടയിലും ഇന്റർലോക്ക് ഫ്ളോറിംഗ് പ്രവൃത്തികൾ | 60 ലക്ഷം രൂപ |
| 6 | കിഴക്കെ നടയിലെ ഗണപതി ക്ഷേത്രത്തിനു ചുറ്റും റൂഫിംഗ് പ്രവൃത്തിയും ക്ഷേത്രവഴി ഗ്രാനൈറ്റ് ഫ്ളോറിംഗ് പ്രവൃത്തിയും | Sponsored work |
| 7 | ക്ഷേത്രം പ്രസാദ ഊട്ട് ടൈൽ ഓവർ ബലപ്പെടുത്തുന്ന പ്രവൃത്തി | 18 ലക്ഷം രൂപ |
| 8 | ക്ഷേത്രം നാലമ്പലത്തിനകത്ത് ശീതികരണ സംവിധാനം | Sponsored work |
| 9 | ക്ഷേത്രം മണികിണർ നവീകരണം | Sponsored work |
| 10 | ക്ഷേത്ര ഭാഗവത പാരായണ ഹാൾ നവീകരണം & ചോറൂൺ ഹാൾ നവീകരണം | 10 ലക്ഷം രൂപ |
| 11 | കിഴക്കെനട കംഫർട്ട് സ്റ്റേഷൻ അന്താരാഷ്ട്ര തലത്തിൽ നവീകരിക്കൽ | 1.50 കോടി രൂപ |
| 12 | തെക്കെ നടയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | Sponsored work |
| 13 | പ്രസാദ് പദ്ധതി പ്രകാരം മൾട്ടിലെവൽ കാർ പാർക്കിംഗ് സമുച്ചയം (Prasad Scheme) | 27.50 കോടി രൂപ |
| 14 | അമൃത് പദ്ധതി പ്രകാരം ഇന്നർറിംഗ് റോഡ് & ഔട്ടർ റിംഗ് റോഡിൽ ഡ്രെയിൻ ആന്റ് ഫുട്പാത്ത് സൗകര്യങ്ങൾ | 1.50 കോടി രൂപ |
| 15 | പാഞ്ചജന്യം റസ്റ്റ് ഹൗസ് സ്പെഷ്യൽ റിനോവേഷൻ | 11.27 കോടി രൂപ |
| 16 | കൗസ്തുഭം റസ്റ്റ് ഹൗസ് സ്പെഷ്യൽ റിനോവേഷൻ | 13.30 കോടി രൂപ |
| 17 | പാഞ്ചജന്യം അനക്സ് റസ്റ്റ് ഹൗസ് പൂർത്തീകരണ പ്രവൃത്തികൾ | 5.53 കോടി രൂപ |
| 18 | തെക്കെ നട pay and use toilet നവീകരണം | 22 ലക്ഷം രൂപ |
| 19 | ശ്രീവത്സം ഗസ്റ്റ് ഹൗസ് അനക്സ് മെയിന്റനൻസ് | 40 ലക്ഷം രൂപ |

| | | |
|---|---|---|
| | പ്രവൃത്തികൾ | |
| 20 | കിഴക്കേനട മഞ്ജുളാൽത്തറ മുതൽ പടിഞ്ഞാറെ നട വരെയുള്ള റോഡ് ഇന്റർലോക്ക് ടൈലിംഗ് | 2.08 കോടി രൂപ |
| 21 | ക്ഷേത്രനടയിലെ ക്ലോക്ക് റൂം നവീകരണം | 25 ലക്ഷം രൂപ |
| 22 | കിഴക്കെ നടയിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 46 കോടി രൂപ |
| 23 | GSSM (ഗുരുവായൂർ സത്യഗ്രഹ സ്മാരക മന്ദിരം പൂന്താനം ഓഡിറ്റോറിയം നവീകരണം) | 1.50 കോടി രൂപ |
| 24 | ക്ഷേത്ര പരിസരത്ത് 2 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള surface water tank | 35 ലക്ഷം രൂപ |
| 25 | ക്ഷേത്രത്തിലെ ഉരൽപ്പുര നവീകരണം | 25 ലക്ഷം രൂപ |
| 26 | ക്ഷേത്ര പരിസരത്ത് ആനകൾക്കുള്ള കെട്ടുതറികളും അനുബന്ധ സൗകര്യങ്ങളും | 25 ലക്ഷം രൂപ |
| 27 | പുതിയ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം | 4.22 കോടി രൂപ |
| 28 | മഞ്ജുളാൽത്തറയും വെങ്കല ഗരുഡ ശിൽപ്പവും നിർമ്മാണം | Sponsored work |

ക്ഷേത്രത്തിനു ചുറ്റും 100 മീറ്റർ സ്ഥലം ഏറ്റെടുക്കുന്ന നടപടികളും ഈ സ്ഥലത്ത് വികസന പ്രവർത്തനങ്ങൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികളും നടന്നു വരുന്നു.